അഗസ്റ്റ വെസ്റ്റ്ലാൻഡിൽ നിന്ന് 12 വി.വി.ഐ.പി ഹെലികോപ്റ്ററുകൾ വാങ്ങുന്നതു സംബന്ധിച്ച് രാജ്യസഭയിൽ നടന്ന ചർച്ചയ്ക്ക് തുടക്കമിട്ട് ബി.ജെ.പി എം.പി ശ്രീ. പ്രകാശ് ജവദേക്കർ നടത്തിയ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ

* ഇറ്റലിയിലെ അഗസ്റ്റ വെസ്റ്റ്ലാൻഡ് കമ്പനിയിൽ നിന്ന് 3546 കോടി രൂപ ചെലവിൽ 12 വി.വി.ഐ.പി ഹെലികോപ്റ്ററുകൾ വാങ്ങുന്നതിനുള്ള ഇടപാടിൽ 400 മുതൽ 600 വരെ കോടി രൂപ കമ്മീഷൻ/കോഴ നൽകിയതു സംബന്ധിച്ചാണ് വിവാദം. 2010 ഫെബ്രുവരിയിലാണ് കരാർ ഒപ്പുവച്ചത്.
* ഫിൻമെക്കാനിക്ക കമ്പനി ജീവനക്കാരനായ ബൊർഗോഗിനി വിവരം വെളിപ്പെടുത്തുകയും 568 പേജുള്ള ഒരു സത്യവാങ്മൂലം ഇറ്റാലിയൻ അന്വേഷണ ഏജൻസികൾക്ക് നൽകുകയും ചെയ്തതോടെയാണ് കുംഭകോണം പുറത്തറിഞ്ഞത്.
* അന്വേഷണം ആരംഭിച്ച ഇറ്റാലിയൻ ഏജൻസികൾ ഫോൺ ചോർത്തൽ ഉൾപ്പെടെയുള്ള മാർഗങ്ങളിലൂടെ തെളിവുകളുടെ വലിയൊരു ശേഖരം തന്നെ സംഭരിച്ചു.
* ഇടനിലക്കാരായ ഹാക്ഷെ, ഗെറോഷ എന്നിവർ ചേർന്ന് 100–125 കോടി രൂപ കൈപ്പറ്റിയതായി ആരോപിക്കപ്പെടുന്നു. മറ്റൊരു ഇടനിലക്കാരനായ ക്രിസ്റ്റ്യൻ മൈക്കൽ തനിക്കു കിട്ടിയ 200 കോടിയോളം രൂപയിൽ 40 കോടി കൈവശം വയ്ക്കുകയും ശേഷിച്ച 200 കോടി, ഇടപാട് അഗസ്റ്റ വെസ്റ്റ്ലാൻഡിന് അനുകൂലമായി വഴിതിരിക്കാൻ കഴിവുള്ള വ്യക്തി/വ്യക്തികൾക്ക് നൽകുകയും ചെയ്തു.
* ഇടപാടിലാകെ കമ്മീഷൻ/കോഴ ആരോപണമുണ്ട്. ലണ്ടനിൽ നിന്ന് കോഴപ്പണം ട്യുണിഷ്യയും മൗറീഷ്യസും വഴി ഐ.ഡി.എസ് ട്യുണിഷ്യ, ഐ.ഡി.എസ് ഇന്ത്യ, ചണ്ഡിഗഢിലെ എയ്റോമാട്രിക്സ് എന്നീ കമ്പനികൾ മുഖേന ഇന്ത്യയിലെത്തിച്ചു.
* ഇറ്റലിയിൽ ബൊർഗോഗിനി നൽകിയ 568 പേജുള്ള സത്യവാങ്മൂലത്തിൽ ഇടപാടിന്റെ മുഴുവൻ വിശദാംശങ്ങളും വിവരിക്കുന്നുണ്ട്.
* കോഴപ്പണം സംബന്ധിച്ച തെളിവുകൾ ഇടനിലക്കാർ നശിപ്പിച്ചത് എങ്ങനെയെന്ന് വിശദമാക്കുന്ന ഓഡിയോ ടേപ്പിലെ വിവരങ്ങൾ ഒരു വർഷമായി പരസ്യമായിരുന്നിട്ടും യു.പി.എ സർക്കാർ നടപടിയെടുത്തില്ല.
* ഇടപാടു നടന്നാൽ അതിന്റെ ഗുണഭോക്താവാകുമായിരുന്ന രാജ്യം (ഇറ്റലി) കോഴ സംബന്ധിച്ച് അന്വേഷണം ആരംഭിക്കുകയും ഒരാളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടും, നഷ്ടം സംഭവിക്കുമായിരുന്ന രാജ്യം (ഇന്ത്യ) അന്വേഷണം തുടങ്ങിയില്ല.
* ദുരൂഹമായ ഇടപാടു സംബന്ധിച്ച് ഇറ്റലിയിലെയും ഇന്ത്യയിലെയും പത്രങ്ങൾ റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയിട്ട് ഒരു വർഷമായി. ഇടപാടിലെ കോഴ സംബന്ധിച്ച വിവരങ്ങൾ പരസ്യമായിട്ടും ഒരു വർഷത്തോളമായി. ഇറ്റലിയുടെ അന്വേഷണത്തിൽ ഇന്ത്യക്കാരുടെ പേരുകളും വെളിച്ചത്തു വന്നു. ഇന്ത്യാ ഗവൺമെന്റ് എന്തുകൊണ്ട് അന്വേഷണത്തിന് ഉത്തരവിട്ടില്ല?
* ഇന്ത്യയിലെ കോടതികളെ എങ്ങനെ നേരിടാമെന്നതു വരെയുള്ള കാര്യങ്ങൾ ആരോപണ വിധേയർ ചർച്ച ചെയ്തതായി ഓഡിയോ ടേപ്പിൽ നിന്നു വ്യക്തമായി. ഹാർഡ് ഡിസ്കിൽ നിന്ന് വിവരങ്ങൾ നശിപ്പിച്ചത് എങ്ങനെയെന്നും അതിൽ വിവരിക്കുന്നുണ്ട്.
* പ്രതികളിൽ പ്രധാനിയായ ക്രിസ്റ്റ്യൻ മൈക്കലിന്റെ കഥ വളരെ താത്പര്യം ജനിപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ പിതാവും ആയുധ ഇടപാടുകാരനായിരുന്നു. ഈ കേസിനു സമാനമായ രീതിയിൽ, അന്തരിച്ച ശ്രീ. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന 1986 ൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ശ്രീമതി മാർഗരറ്റ് താച്ചർ ഇന്ത്യ സന്ദർശിക്കുകയും അഗസ്റ്റ വെസ്റ്റ്ലാൻഡ് കമ്പനിയിൽ നിന്ന് എ.ഡബ്ലിയു 30 ഹെലികോപ്റ്ററുകൾ വാങ്ങുന്നതു സംബന്ധിച്ച് അദ്ദേഹവുമായി കരാറിലെത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ചില ഉപദേഷ്ടാക്കൾ എതിർത്തിട്ടു പോലും ആ ഇടപാട് നടന്നത് എങ്ങനെയെന്ന് എനിക്കറിയില്ല. 62 ദശലക്ഷം പൗണ്ടിന്റെ ആ ഇടപാട് ഒരു വലിയ ദുരന്തമായിരുന്നു. ഒരു ഹെലികോപ്റ്റർ തകർന്ന് 19 പേർ മരിച്ചതോടെ കമ്പനിയുടെ മുഴുവൻ ഹെലികോപ്റ്ററുകളും നിലത്തിറക്കുകയും 1991 ൽ 9 ദശലക്ഷം പൗണ്ടിന് ആക്രിയായി വിൽക്കുകയും ചെയ്തു. അതും സമാനമായ ഒരു കുംഭകോണം തന്നെയായിരുന്നു.
* 12 വി.വി.ഐ.പി എ.ഡബ്ലിയു 101 ഹെലികോപ്റ്ററുകളുമായി ബന്ധപ്പെട്ട് 2012 ജൂലൈയിൽ നേപ്പിൾസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടു പോലും അന്വേഷണം നടത്താൻ ഇന്ത്യാ ഗവൺമെന്റ് മെനക്കെട്ടില്ല. ആ കുറ്റപത്രത്തിൽ ഒരു ‘കുടുംബ’ത്തെക്കുറിച്ച് രണ്ടിടത്ത് പരാമർശമുണ്ട്. ആ ‘കുടുംബം’ ഏതാണെന്ന് നമുക്ക് അറിയേണ്ടതുണ്ട്. ‘ത്യാഗി കുടുംബ’ത്തെക്കുറിച്ചാണ് പരാമർശമെന്ന് കോൺഗ്രസുകാർ അവകാശപ്പെടുന്നു. ത്യാഗികളുടെ പേര് ‘ത്യാഗി കുടുംബം’ എന്നു തന്നെ കുറ്റപത്രത്തിൽ പ്രത്യേകം

പരാമർശിക്കുന്നതിനാൽ അതു ശരിയല്ല. അതിനാൽ, മറ്റേ 'കുടുംബം' ഏതാണെന്ന് അറിയാൻ അന്വേഷണം ആവശ്യമാണ്.
* 2012 ഡിസംബർ 12 ന് പാർലമെന്റിൽ എന്റെ ചോദ്യത്തിനു മറുപടിയായി സർക്കാർ പറഞ്ഞത്, ആഭ്യന്തര മന്ത്രാലയം മുഖേന പ്രതിരോധ മന്ത്രാലയം ഇറ്റലിയിൽ നിന്ന് വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവയ്ക്കായി കാത്തിരിക്കുകയാണ് എന്നുമാണ്. ഔദ്യോഗിക വിവരങ്ങൾ ലഭിക്കാത്തതിനാൽ സർക്കാർ യാതൊരു വിധ അന്വേഷണവും നടത്തിയില്ല.
* ഒരു വർഷത്തോളമായി മാധ്യമങ്ങളിൽ ഈ വിഷയത്തിൽ വാർത്തകൾ വരുന്നതിനാലും ഇറ്റാലിയൻ സർക്കാരിന്റെ അന്വേഷണത്തിൽ ഒട്ടേറെ കാര്യങ്ങൾ വെളിച്ചത്തു വന്നതിനാലും അന്വേഷണം ആരംഭിക്കണമെന്ന് 2012 ഡിസംബർ 14 ന് കത്തു മുഖേന ഞാൻ വീണ്ടും പ്രതിരോധ മന്ത്രിയോട് ആവശ്യപ്പെട്ടു. "രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ മാർഗവുമുണ്ടെന്നും" ഞാൻ കത്തിൽ പറഞ്ഞിരുന്നു.
* ഫിൻമെക്കാനിക്ക സി.ഇ.ഒ അറസ്റ്റ് ചെയ്യപ്പെട്ടതോടെ സർക്കാർ ഒരു കള്ളക്കഥ മെനഞ്ഞ് ചില മാധ്യമങ്ങളിലൂടെ പുറത്തുവിട്ടു. ആഭ്യന്തരമായ അന്വേഷണം നടത്തിയെന്നും യാതൊരു കള്ളത്തരവും കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെന്നുമായിരുന്നു അത്. അങ്ങനെയെങ്കിൽ പ്രതിരോധമന്ത്രി എന്റെ രണ്ടു ചോദ്യങ്ങൾക്ക് മറുപടി നൽകണം: ഒന്നാമതായി, പാർലമെന്റിലെ എന്റെ ചോദ്യത്തിനു മറുപടിയായി ഈ വിവരം മന്ത്രി എന്തുകൊണ്ട് വെളിപ്പെടുത്തിയില്ല? സർക്കാർ യഥാർത്ഥത്തിൽ ആഭ്യന്തരമായ അന്വേഷണം നടത്തിയെങ്കിൽ ശരിയായ മറുപടി തരാത്തത് അവകാശ ലംഘനമാണ്. രണ്ടാമതായി, ആഭ്യന്തര അന്വേഷണം നടത്തിയെങ്കിൽ അത് ഏതു വിധത്തിലായിരുന്നു? ആരാണ് അന്വേഷണം നടത്തിയത്? എന്തായിരുന്നു അതിന്റെ ഫലം?
* ഏതു സ്രോതസിൽ നിന്ന് വിവരം ലഭിച്ചാലും സുപ്രധാന വിഷയങ്ങളിൽ സി.ബി.ഐക്ക് അന്വേഷണം നടത്താൻ കഴിയും. ഔദ്യോഗിക വിവരങ്ങൾക്കു വേണ്ടി അവർ കാത്തിരിക്കേണ്ടതില്ല. വിവരം പുറത്തു വന്ന ഘട്ടത്തിൽ തന്നെ അന്വേഷണത്തിന് ഉത്തരവിടാത്തത് എന്തുകൊണ്ടെന്ന് സർക്കാർ പറയണം.
* ശ്രീ. ആന്റണിയുടെ സത്യസന്ധതയെ ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ലെന്ന് കോൺഗ്രസുകാർ പറയുന്നു.... വ്യക്തിപരമായ സത്യസന്ധതയുടെ ചോദ്യമല്ലിത്. ഏറ്റവും അഴിമതി നിറഞ്ഞ ഇടപാടുകൾക്ക് അദ്ദേഹം മേൽനോട്ടം വഹിക്കുകയാണെങ്കിൽ അതിനു മറുപടി പറയാനും അദ്ദേഹം ബാധ്യസ്ഥനാണ്.
* ബോഫോഴ്സ് കുംഭകോണത്തിലെ മുഖ്യ പ്രതി ഒട്ടാവിയോ ക്വട്ടറോച്ചി രക്ഷപ്പെട്ട അതേ മാതൃകയിൽ തന്നെ, ഫിൻമെക്കാനിക്കയുടെ ഇന്ത്യയിലെ ഓപ്പറേഷൻസ് മേധാവി ഗിറാസോളും അദ്ദേഹത്തിന്റെ പേര് പുറത്തുവന്നയുടൻ ഇന്ത്യയ്ക്കു പുറത്തേക്കു പറന്നു.
* ഒരു കോൺഗ്രസ് നേതാവ് എന്നോടു പറഞ്ഞു, "പ്രകാശ്, ഈ ഇടപാടിന് രാഷ്ട്രീയ മാനങ്ങൾ ഒന്നുമില്ല..." അങ്ങനെയെങ്കിൽ അത് കൂടുതൽ ഗുരുതരമാണെന്നും, സർക്കാർ അറിയാതെ അവരുടെ മൂക്കിനു താഴെ നിന്ന് ഉദ്യോഗസ്ഥർ വൻ തോതിൽ കോഴ വാങ്ങിയെന്നാണ് അതിന് അർത്ഥമെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു.
* കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കെല്ലാം ഒരു സവിശേഷ രീതിയുണ്ട്. ആദ്യം അവർ കുംഭകോണം നിഷേധിക്കും, പിന്നെ അന്വേഷണം വൈകിപ്പിക്കാൻ ശ്രമിക്കും, തുടർന്ന് സമ്മർദ്ദം തടയാനാകാതെ വരുമ്പോൾ മറ്റുള്ളവരുടെ മേൽ പഴിചാരും – 2ജി കുംഭകോണത്തിൽ സഖ്യകക്ഷികളോടു ചെയ്തതു പോലെ.
* രാജ്യത്തെ ഒരിഞ്ചു സ്ഥലം പോലും കോൺഗ്രസ് കുംഭകോണമില്ലാതെ വിട്ടിട്ടില്ല – ആകാശത്ത് (ഗഗൻ എന്ന് ഹിന്ദിയിൽ) ആൻട്രിക്സ് – ദേവാസും ഹെലികോപ്റ്റർ കുംഭകോണവും, ഉപരിതലത്തിൽ (ക്ഷിതി) പ്രതിരോധ വകുപ്പിന്റെ ഭൂമി സംബന്ധിച്ച വിവിധ കുംഭകോണങ്ങൾ, ഭൂമിക്ക് അടിയിൽ (പാവക്) കൽക്കരി കുംഭകോണം, വായുവിൽ (സമീര) 2 ജി സ്പെക്ട്രം കുംഭകോണം, വെള്ളത്തിൽ (ജൽ) യമുന കർമ്മ പദ്ധതി കുംഭകോണവും ഗംഗാതീര ഖനന കുംഭകോണവും.
* സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ സി.ബി.ഐ അന്വേഷണം നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കോഴപ്പണം ഒഴുകിയ മാർഗം കണ്ടെത്തണം. പ്രതികളെ ഇന്ത്യയിലെത്തിക്കുകയും ഫിൻമെക്കാനിക്ക/ അഗസ്റ്റ് വെസ്റ്റ്ലാൻഡിന് അനുകൂലമായി ഇടപാടു വഴിതിരിക്കാൻ ഇന്ത്യയിൽ പ്രവർത്തിച്ചവരെ കണ്ടെത്തി ശിക്ഷിക്കുകയും വേണം.